പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇത് സംബന്ധിച്ച് 1977–ലെ കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. 1977-ൽ കേരളത്തിൽ 2385 പേർക്ക് ഒരു ഡോക്ടർവീതമാണുണ്ടായിരുന്നത്.

(ബി) 2877 പേർക്കാണ് ഒരു നേഴ്സ് ഉള്ളത്.

(സി) കൂടുതലാണ്.

(ഡി) 2454 പേർക്ക് ഒരു ഡോക്ടർ വീതവും 4832 പേർക്ക് ഒരു നേഴ്സ് വീതവുമാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സൈറോളജി ലബോറട്ടറി

805 & *806 [874] ശ്രീ. കെ. ടി. കുമാരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാശുപത്രികളോടനുബന്ധിച്ച് സൈറോളജി ലാബറട്ടറി നിലവിലുണ്ടോ;

(ബി) എല്ലാ ജില്ലാ ആശുപത്രികളിലും സൈറോളജി ലാബറട്ടറി ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് വല്ല നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്ത് ഓഫീസുകളിലെ നിയമനങ്ങൾ

*807 [875] ശ്രീ. കല്ലട നാരായണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഓഫീസുകളിലേക്ക് 1978 ഏപ്രിൽ മാസത്തിനു മുൻപ് നിയമനങ്ങൾ നടത്തിയിരുന്നപ്പോൾ സംവരണതത്വം പാലിച്ചിരുന്നോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) 1978 ഏപ്രിലിനുശേഷം പഞ്ചായത്തുകളിലെ നിയമനങ്ങൾ പി. എസ്. സി. വഴിയാണോ നടത്തിയിട്ടുള്ളത്;

(ഡി) എങ്കിൽ എത്രപേരെ ഇതിനകം നിയമിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്: മുഹമ്മദുകോയ):

(എ) 1-4-78-ന് മുൻപ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനങ്ങൾ നടത്തിയിരുന്നത്. എക്സ്ചേഞ്ച് സംവരണതത്വം പാലിച്ച് ഉദ്യോഗാർത്ഥികളെ നിർദ്ദേശിച്ചുതുടങ്ങിയതുമുതൽ ഡിപ്പാർട്ടുമെൻറിലും ആ തത്വം പാലിച്ചിട്ടുണ്ട്.

(ബി) പ്രശ്നം ഉദിക്കുന്നില്ല.

(സി) 1-4-78 മുതൽ പഞ്ചായത്തുകളിലെ നിയമനങ്ങൾ നടത്തേണ്ടത് പി. എസ്. സി. മുഖേനയാണ്. ജില്ലാ പഞ്ചായത്ത് ഓഫീസർമാർ ഒഴിവുകളുടെ എണ്ണം പി. എസ്. സി. യെ അറിയിച്ചിട്ടുണ്ട്. പി. എസ്. സി. ടി നിയമനങ്ങൾക്കുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ടി നിയമനങ്ങൾക്കുള്ള നടപടികൾ പി. എസ്. സി. പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിയമനങ്ങൾ നടത്തിയിട്ടില്ല.

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ

*808 [876] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾക്ക് ഒരു ഏകീകൃത സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ;

(ബി) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് വിഭാഗങ്ങൾ പ്രധാനമായും ഇ. എൻ. റ്റി., കണ്ണ്, ദന്തം, ഓർത്തോപീഡിക്സ്, ചിൽഡ്രൻസ് സ്പെഷ്യലിസ്റ്റ് വിഭാഗങ്ങൾ തുടങ്ങിയവ ഇല്ലാത്തിടത്ത് അടിയന്തിരമായി അവ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(സി) വേണ്ടത്ര കെട്ടിട സൗകര്യങ്ങളും ഓപ്പറേഷൻ തിയേറ്ററുകളും ഇല്ലാത്തിടത്ത് കെട്ടിടങ്ങളും ഉപകരണങ്ങളും നൽകുന്നതിന് വല്ല മുൻഗണനാ നിയമങ്ങളും നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ദീർഘകാല പഴക്കമുള്ളതും ആധുനിക സൗകര്യങ്ങളൊന്നും നൽകാൻ സൗകര്യമില്ലാത്തതുമായ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലുകളിലെ ഓപ്പറേഷൻ വാർഡ് പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾക്ക് മാത്രമായി പ്രത്യേക സ്റ്റാഫ് പാറ്റേൺ ഇല്ല.

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തചികിൽസയ്ക്കും ശിശുചികിൽസയ്ക്കും പരിശീലനം സിദ്ധിച്ച ഡോക്ടർമാർ ഉണ്ട്. എന്നാൽ ഇ. എൻ. റ്റി., കണ്ണ് മുതലായ വിഭാഗങ്ങൾക്ക് എല്ലാ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly